II ഇ.ബി.XIV-കേരള നിയമസഭ/V-4

**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മേയ് 2, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ സ്ത്രീത്വത്തെ അപമാനിക്കുന്ന തരത്തിൽ പ്രസ്താവന നടത്തിയ വൈദ്യുതി വകുപ്പുമന്ത്രി, ശ്രീ. എം. എം. മണി രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം അല്പസമയം ബാനർ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയുണ്ടായി.)

12(*121) കേന്ദ്ര മോട്ടോർ വാഹന നിയമഭേദഗതി

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി) നൽകിയ മറുപടിയിൽ, ലോക് സഭ പാസ്സാക്കിയ 2016-ലെ കേന്ദ്ര മോട്ടോർ വാഹന (ഭേദഗതി) ആക്ട് രാജ്യസഭയിൽ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം നേടി ചട്ടങ്ങൾ നിർമ്മിക്കുന്ന

മുറയ്ക്ക് പ്രാബല്യത്തിൽ വരുന്നതാണെന്നും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചുമതലപ്പെടുത്തുന്ന വ്യക്തിക്കോ വ്യക്തികൾക്കോ ഡെലിഗേറ്റ് ചെയ്യപ്പെട്ട അധികാരം വിനിയോഗിക്കാവുന്നതാണെന്നും സഭയെ അറിയിച്ചു. അപേക്ഷകൾ നൽകാനും ഫീസടയ്ക്കാനും ഇലക്ട്രോണിക് സംവിധാനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം വാഹനങ്ങൾക്ക് പെർമിറ്റിനുപുറമെ ലൈസൻസ് കൂടി ഏർപ്പെടുത്തുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. ടി നിയമപ്രകാരം രജിസ്ട്രേഷൻ നമ്പർ ഇല്ലാതെ ഡീലർക്ക് വാഹനം കൈമാറാനാവില്ലെന്നും ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷ ഏത് ഓഫീസിലും നൽകാവുന്നതാണെന്നും രജിസ്ട്രേഷൻ ആവശ്യത്തിനായി വാഹനം ഓഫീസിൽ ഹാജരാക്കേണ്ടതില്ലെന്നും മൂന്ന് പ്രാവശ്യം ഡ്രൈവിംഗ് ടെസ്റ്റിൽ പരാജയപ്പെട്ട വ്യക്തി റെമഡിയൽ ട്രെയിനിംഗ് നേടിയിരിക്കണമെന്നും ഇതിനായി കേന്ദ്ര സർക്കാർ ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നാഷണൽ ട്രാൻസ്പോർട്ടേഷൻ പോളിസിയുടെ ഭാഗമായി പബ്ലിക്-പ്രൈവറ്റ് സഹകരണത്തോടെ റോഡ് സേഫ്റ്റി, മലിനീകരണം, ട്രാഫിക് ബ്ലോക്ക് ഒഴിവാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പെർമിറ്റ് കണ്ടീഷനുകളിൽ ഇളവ് അനുവദിക്കുന്നതാണ്. ടാക്സി സർവ്വീസുകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതും കേന്ദ്ര-സംസ്ഥാന തലത്തിൽ ട്രാൻസ്പോർട്ട് സ്കീമുകൾ

നടപ്പിലാക്കുന്നതും റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിക്കുന്നതുമാണ്. 1-10-2018 മുതൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിലൂടെ മാത്രമേ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തുകയുള്ളൂവെന്നും പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചാൽ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് പ്രവാസികൾ നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതാണെന്നും അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്നവർക്ക് നിയമനടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക നൽകുന്നതാണെന്നും കുത്തകകളെ ലക്ഷ്യം വച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന നിയമ ഭേദഗതികൾക്കെതിരെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

13(*122) <u>കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയിലുണ്ടാക്കുന്ന ആഘാതം</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) നൽകിയ മറുപടിയിൽ,

പ്രധാനപ്പെട്ട 25 കാർഷിക വിളകളെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ചിട്ടുണ്ടെന്നും മഴക്കുറവുമൂലം മണ്ണിനുണ്ടാകുന്ന വ്യതിയാനം ശാസ്ത്രീയമായി പരിഹരിക്കുന്നതിന് സോയിൽ പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ

ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും നിശ്ചിതതുക പ്രീമിയം അടയ്ക്കുന്ന കർഷകർക്ക് പ്രകൃതിക്ഷോഭം, കീടരോഗബാധ, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവമൂലം വിളനാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതാണെന്നും കേന്ദ്ര-സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളിൽ കർഷകരെ പങ്കാളികളാക്കുന്നതിന് ക്യാമ്പയിൻ സംഘടിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കാർഷിക മേഖലയെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിന് കേരള സീഡ് അതോറിറ്റിയുടെയും നാഷണൽ സീഡ് കോർപ്പറേഷന്റെയും സഹായത്തോടെ വിവിധയിനം വിത്തുകൾ സംഭരിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിനും ജില്ലകൾതോറും മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും ഇറിഗേഷൻ-കൃഷി വകുപ്പുകളുടെ ഏകോപനത്തോടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലെ നെല്ല് സംഭരണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കുമെന്നും സംഭരിക്കുന്ന നെല്ലിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ട് വഴി ലഭ്യമാക്കുമെന്നും മുള്ളൻകൊല്ലി, പുൽപ്പള്ളി

പ്രദേശങ്ങളിൽ മണ്ണ് പര്യവേക്ഷണ സംരക്ഷണ വകുപ്പ് തയ്യാറാക്കിയ പ്രോജക്ട് നടപ്പിലാക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

14(*123) നാളികേര ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

കൃഷി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം പദ്ധതിയിലൂടെ 250 ഹെക്ടർ വിസ്തൃതിയുള്ള 44 കേരഗ്രാമങ്ങൾ രൂപീകരിക്കുന്നതിനായി 3332.50 ലക്ഷം രൂപയും അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങുകളുടെ ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 567.50 ലക്ഷം രൂപയും നാളികേര വികസനത്തിനായി 300 ലക്ഷം രൂപയും കീടരോഗബാധയ്ക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കായി 300 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കർഷകർക്ക് ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുമെന്നും നാളികേര ഉൽപ്പാദനം കാര്യക്ഷമമാക്കി മൂല്യവർദ്ധിത ഉല്പാദനാധിഷ്ഠിത വ്യവസായം ആരംഭിക്കുമെന്നും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1108 മുതൽ 1410 വരെയുള്ള ചോദ്യങ്ങളിൽ 130 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)